# പരിസ്ഥിതിസംവാദ ചരിത്രം - വിമർശനാത്മക വ്യവഹാരാപഗ്രഥനം

സുഭാഷ് കുമാർ പി. പുല്ലൻ വീട്, ജിഷ്ണ ആർ. കാര്യാവിൽ

കേരളത്തെ സംബന്ധിച്ച് സവിശേഷമായൊരു പാരിസ്ഥിതിക സന്ദർഭത്തിലൂടെയാണ് കഴിഞ്ഞ നാലു വർഷങ്ങൾ കടന്ന പോയിട്ടുള്ളത്. 2018 ആഗസ്റ്റ് മാസത്തിൽ കേരളത്തെ ആകമാനം സംഘർഷമുഖത്ത് നിർത്തിയ പ്രളയം, അതുവരെ കേരളീയസമൂഹത്തിൽ ഉണ്ടായിരുന്ന സാമൂഹികസംവാദങ്ങളെ പലതിനെയും വ്യത്യസ്തമായ സമീപനങ്ങളിലൂടെ നോക്കിക്കാണാനുള്ള സവിശേഷസന്ദർഭമായി അടയാളപ്പെടുത്തിയിട്ടുണ്ട്. മാനവികതയെ സംബന്ധിച്ചും വികസനത്തെ സംബന്ധിച്ചും പാരിസ്ഥിതികാവബോധങ്ങളെ സംബന്ധിച്ചും സാമൂഹിക-രാഷ്ട്രീയമേഖലകളെ സംബന്ധിച്ചുമുള്ള പുതിയ കാഴ്ചകൾക്ക് ഈയൊരു സന്ദർഭം സാധ്യതയൊരുക്കിയിട്ടുണ്ട്. 'പ്രളയാനന്തര മാനവികത ശബരിമലയുടെ പശ്ചാത്തലത്തിൽ' എന്ന ബി. രാജീവന്റെ (2018) ഗ്രന്ഥം ഇത്തരമൊരു സംവാദ മണ്ഡലത്തിന്റെ സൂചനയായി കുറിയ്ക്കാവുന്നതാണ്. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ പാരിസ്ഥിതികസംവാദം ഏതെല്ലാം നിലയിൽ ചർച്ചയ്ക്ക് വിധേയമായിയെന്നും ഈ ചർച്ചകളെ ഒരു വ്യവഹാരമായി പരിഗണിച്ച് അതിനകത്തടങ്ങിയ പ്രത്യയശാസ്ത്രത്തെയും അധികാരബന്ധങ്ങളെയും വിമർശനാത്മക വ്യവഹാരാപഗ്രഥനമെന്ന രീതിശാസ്ത്രപദ്ധതി ഉപയോഗിച്ച് അന്വേഷണ വിധേയമാക്കാനാണ് ഈ പഠനം ശ്രമിക്കുന്നത്.

പരിസ്ഥിതിവാദമെന്നത് ഭാഷാപരമായും സാഹിത്യ-സൗന്ദര്യശാസ്ത്രപരമായും ബോധനശാസ്ത്രപരമായും രാഷ്ട്രീയമായും വൈവിധ്യമാർന്ന അടരുകളുള്ള ഒരു മേഖലയാണ്. അതുകൊണ്ടുതന്നെ പരിസ്ഥിതിവാദത്തെ സംബന്ധിക്കുന്ന മുഴുവൻ സംവാദങ്ങളും പഠനങ്ങളും ഈയൊരു പ്രബന്ധത്തിന്റെ അന്വേഷണപരിധിയിലേക്ക് കൊണ്ടുവരികയെന്നത് ഒരേസമയം പ്രബന്ധം നേരിടുന്ന വെല്ലുവിളിയും പരിമിതിയുമാണ്. ഉത്തരാധുനികകാലം മുതൽതന്നെ പരിസ്ഥിതിവാദം സജീവ സംവാദമേഖലയായി മലയാളത്തിൽ നിലയുറപ്പിച്ചിട്ടുണ്ടെങ്കിലും പ്രളയാനന്തരം അത്തരം ചർച്ചകൾ കൂടുതൽ ജനകീയമാകുന്നുണ്ട്. പ്രളയാനന്തരം ഉയർന്നുവന്ന സാമൂഹികാവസ്ഥ പുതുമയുള്ളതും മൗലികവുമാണെന്നും ബി. രാജീവനെ (2018) പോലുള്ളവർ നിരീക്ഷിക്കുന്നുണ്ട്. മാനവികതയെ മുൻനിർത്തി ഇതിന്റെ പ്രധാന സവിശേഷതയായി അദ്ദേഹം നിരീക്ഷിക്കുന്നത് "ഒന്നാമതായി ഇത് പുതിയതരം മാനവികതയാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള പഴയ ലിബറൽ മുതലാളിത്ത മാനവികതയിൽനിന്നും തീർത്തും ഭിന്നഗുണങ്ങളോടെ പ്രവർത്തിക്കുന്ന സാമൂഹികശക്തിയാണത്. പഴയ ലിബറൽ മാനവികത സ്വകാര്യത്തെയും പൊതുകാര്യത്തെയും അതായത് വ്യക്തിപരമായതിനെയും രാഷ്ട്രീയത്തെയും വിരുദ്ധ മണ്ഡലങ്ങളിലേക്ക് വേർതിരിച്ചുനിർത്തുന്ന ആധുനികമുതലാളിത്ത പൗരസമൂഹത്തിന്റെ മാനവികതയാണ്" (2018.20) എന്നാണ്. മാനവികതയെ സംബന്ധിക്കുന്ന ഈ നിരീക്ഷണത്തെ പാരിസ്ഥിതികാവബോധവുമായും ചേർത്തുവെയ്ക്കാവുന്നതാണ്. മനുഷ്യൻ-

പ്രകൃതി എന്ന ആധുനിക ദ്വന്ദത്തെ അത് പുനരാലോചനക്ക് വിധേയമാക്കി. ഈ പ്രബന്ധത്തിൽ, കേരളത്തിലെ പരിസ്ഥിതി ചർച്ചകളിലെ ശ്രദ്ധേയമായ സന്ദർഭങ്ങളെ മുൻ നിറുത്തി അവിടെയുയർന്നുവന്ന സംവാദങ്ങളെ പ്രധാനമായും നിയന്ത്രിച്ചത് കാല്പനികവും വൈകാരികവുമായ ബോധ്യങ്ങളാണെന്ന പരികല്പനയിലാണ് വാദങ്ങളെ അവതരിപ്പിക്കുന്നത്.

പാരിസ്ഥിതിക സംവാദങ്ങൾ പൊതുകാര്യം മാത്രമല്ലെന്നും തങ്ങളുടെ ജീവിതവുമായി ആഴത്തിൽ വേരോടി നിൽക്കുന്നതാണെന്നുമുള്ള തിരിച്ചറിവുകൾ പ്രളയാനന്തരം രൂപപ്പെട്ടു. ജലവിനിയോഗം, സുസ്ഥിരവികസനം, നഗരാസൂത്രണം, പാർപ്പിട നിർമ്മാണം, കൃഷി തുടങ്ങിയ നിരവധി മേഖലകളിൽ മനുഷ്യ പരിഗണനയോടൊപ്പംതന്നെ പ്രകൃതിയും പരിഗണിക്കപ്പെടണമെന്ന ചിന്തകൾ പ്രബലമായി. സാമൂഹികദുരന്തമെന്നനിലയിൽ പ്രളയത്തെ അഭിമുഖീകരിക്കേണ്ടിവന്ന കേരളജനത തങ്ങളുടെതന്നെ നിലനിൽപ്പിനെയും അപരനുമായുള്ള പാരസ്പര്യത്തെയും പുനരാലോചനക്ക് വിധേയമാക്കുന്നുണ്ട്. മുമ്പില്ലാത്തവിധം ശുഭ സൂചകങ്ങളായ ഒട്ടേറെ സാമൂഹികപ്രവണതകൾ ഈ കാലയളവിൽ കേരളീയസമൂഹം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രളയാനന്തരം മുന്നോട്ടുവന്ന സാമൂഹിക ചർച്ചകൾ പലതും പ്രളയത്തിന്റെ കാരണത്തെ സ്ഥാപിക്കാനുള്ള ശ്രമത്തിലായിരുന്നു. ഇത് പ്രധാനമായും രണ്ട് പക്ഷങ്ങളിൽ നിലയുറപ്പിക്കാൻ ശ്രമിക്കുന്നതായി മനസ്സിലാക്കാം. ആദ്യത്തേത് കാല്പനികഭാവത്തോടെയും മൗലികവാദ സ്വഭാവത്തോടുംകൂടിയ പ്രകൃതിവാദമാണെങ്കിൽ മറ്റൊന്ന് യുക്തിയിലൂന്നിയ മനുഷ്യകേന്ദ്രീകൃതമായ വിശകലനങ്ങളായിരുന്നു. ഈ രണ്ടു പക്ഷങ്ങൾക്കും പിൽക്കാലത്ത് ആശയപരമായോ രാഷ്ട്രീയമായോ ചില അടുപ്പങ്ങൾ സംഭവിക്കുന്നതായും കാണാം. മൗലികവാദപരമോ വൈകാരികമോ ആയ പ്രകൃതിവാദത്തിലേക്ക് കേരളത്തിലെ സമകാലിക പാരിസ്ഥിതിക സംവാദങ്ങളെ എത്തിക്കുന്നതിൽ കേരളത്തിലിന്നുവരെ നടന്നിട്ടുള്ള പാരിസ്ഥിതിക ഇടപെടലുകൾക്ക് പങ്കുണ്ട്. കേരളത്തിൽ നടന്ന പാരിസ്ഥിതിക സംവാദങ്ങളുടെ ചരിത്രത്തെ പരിശോധിക്കുമ്പോളിത് വ്യക്തമാകും. ഇവിടെ ചിലമാതൃകകളെ പരിശോധിക്കുന്നതിലൂടെ ഈ സംവാദങ്ങളിലൂടെ ഉയർന്നു വന്ന ചില പ്രബലവാദങ്ങളെ നിർണയിച്ച അധികാരത്തെയും പ്രത്യയശാസ്ത്രത്തെയും വിശകലന വിധേയമാക്കാനാണ് ശ്രമിക്കുന്നത്.

## പാരിസ്ഥിതിക സംവാദം ഒരു വ്യവഹാരം എന്ന നിലയിൽ

വ്യവഹാരം ഒരു താക്കോൽ പദമെന്ന നിലയിൽ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ഒന്നാണ്. നിയമം, ആശുപത്രി തുടങ്ങിയ സാമൂഹിക സ്ഥാപനങ്ങൾ നിശ്ചിതമായ ഭാഷകൊണ്ടും ആ ഭാഷാപ്രസ്താവനകളിലൂടെ നിർമ്മിച്ചെടുക്കുന്ന അറിവുകൊണ്ടും വ്യവഹാരപദവി ആർജ്ജിച്ചിട്ടുള്ളവയാണ്. മിഷേൽ ഫൂക്കോ, നോർമാൻ ഫെയർക്ളോ തുടങ്ങിയവരെ ഉദ്ധരിച്ചുകൊണ്ട് പി . എം ഗിരീഷ് (2015 ) 'അധികാരവും ഭാഷയും' എന്ന ഗ്രന്ഥത്തിൽ വ്യവഹാരത്തെ താഴെ പറയും പ്രകാരം നിർവചിച്ചിട്ടുണ്ട്. "വ്യത്യസ്ത സാമൂഹിക സാഹചര്യത്തിനനുസരിച്ച് രൂപപ്പെടുന്ന ഭാഷാരൂപങ്ങളാണ് സൂക്ഷ്മമായ അർഥത്തിൽ

വ്യവഹാരം. വ്യത്യസ്ത ലോകവീക്ഷണങ്ങളെ ഭാഷയിലൂടെ അടയാളപ്പെടുത്തുന്നതാണ് വ്യവഹാരമെന്ന് നോർമാൻ ഫെയർക്ളോ അഭിപ്രായപ്പെടുന്നുണ്ട്. പൊരുത്തമുള്ള സംഭാഷണമോ എഴുത്തോ ആണ് വ്യവഹാരം. സാമൂഹിക സന്ദർഭത്തിലൂന്നിനിന്നുകൊണ്ടാണ് പാഠത്തെ അപഗ്രഥിക്കേണ്ടത്. ഫൂക്കോ വ്യവഹാരത്തെ സംസാരത്തിനുള്ള സവിശേഷ വഴിയെന്നാണ് ആർക്കിയോളജി ഓഫ് സ്പീക്കിങ് എന്ന പുസ്തകത്തിൽ വിശേഷിപ്പിക്കുന്നത്" (2015: 12). ഈ നിർവചനത്തിൽ നിന്ന് ഒരു സാമൂഹികസ്ഥാപനമോ സന്ദർഭമോ വ്യവഹാരപദവി കൈവരിക്കുന്നതിന് അതിൽ ഉള്ളടങ്ങിയ ഭാഷ പ്രധാന പങ്കുവഹിക്കുന്നുണ്ടെന്ന് വ്യക്തമാകുന്നു. സാമൂഹികസാഹചര്യത്തിനനുസരിച്ച് രൂപപ്പെടുന്ന ഭാഷാരൂപം എന്ന നിരീക്ഷണത്തിൽ നിന്നും വ്യവഹാരത്തിനകത്ത് സാമൂഹ്യസന്ദർഭങ്ങൾ വഹിക്കുന്ന പങ്കും തെളിഞ്ഞുകിട്ടുന്നുണ്ട്. രണ്ട് നിരീക്ഷണങ്ങളെയും ഒരുപോലെ സാധൂകരിക്കുന്നതാണ് കേരളത്തിലെ പാരിസ്ഥിതിക ചർച്ചകൾ.

2018 ലെ പ്രളയത്തോടെ കേരളത്തിലെ പാരിസ്ഥിതികചർച്ച പുതിയൊരു തലത്തിലേക്ക് കടന്നുവെന്ന് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അതുവരെയുണ്ടായിരുന്ന സാമൂഹികാവസ്ഥകളിൽനിന്നും വ്യത്യസ്തമായിരുന്നു ഈ പ്രളയകാലം. കേരളത്തിന്റെ ഭൂപ്രകൃതി വിഭജനമനുസരിച്ച് നമ്മുടെ ഭാഷാ-സാഹിത്യവ്യവഹാരങ്ങളുടെ ഭാവുകത്വത്തെ നിർണയിച്ചുപോന്നത് ഇടനാടായിരുന്നുവെന്നും മലനാടും തീരപ്രദേശവും നമുക്ക് അപരഭാവുകത്വമായിരുന്നുവെന്നും പുതുകവിതയിലെ മലനാടിന്റെയും തീരപ്രദേശത്തിന്റെയും പ്രാതിനിധ്യത്തെ സൂചിപ്പിച്ചുകൊണ്ട് ടി. ശ്രീവത്സൻ (2021) നിരീക്ഷിക്കുന്നുണ്ട്. മലയാളിയുടെ സാഹിത്യഭാവനയിലെ പരാമർശകഭാവുകത്വ (Reference Sensibility)ത്തിന്റെ അടിസ്ഥാനം ഇടനാടാണെന്ന ഈ നിരീക്ഷണത്തെ നമ്മുടെ പാരിസ്ഥിതിക ചർച്ചകളിലേക്കും ചേർത്തുവെയ്ക്കാവുന്നതാണ്. നമ്മുടെ പരമ്പരാഗത പാരിസ്ഥിതികചർച്ചകളിലെ നഗര-ഗ്രാമ ദ്വന്ദങ്ങളെ അപ്രസക്തമാക്കിക്കൊണ്ട് 2018 ലെ പ്രളയം ഇടനാടിനെയും ബാധിച്ചുവെന്നത് നമ്മുടെ പാരിസ്ഥിതിക സംവാദങ്ങളുടെ ചർച്ചയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. അതിന് മുന്നേ മലനാട്ടിലുണ്ടായ നിരവധി ചെറുതും വലുതുമായ ദുരന്തങ്ങളോ തീരപ്രദേശങ്ങളിലുണ്ടായിട്ടുള്ള കടൽക്ഷോഭങ്ങളോ പരിസ്ഥിതിയെക്കുറിച്ചുള്ള പൊതുചർച്ച ഉയർത്തിക്കൊണ്ടുവന്നിട്ടില്ല. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം പ്രളയാനന്തര പാരിസ്ഥിതിക ചർച്ചകളെ ഒരു വ്യവഹാരമെന്ന നിലയിൽ പരിഗണിച്ച് വിശകലനവിധേയമാക്കാൻ

മനുഷ്യകേന്ദ്രീകൃതമായ ആധുനികതയുടെ സാമൂഹികക്രമങ്ങൾ പലനിലയിലുമുള്ള പ്രകൃതിനാശത്തിന് വഴിവച്ചുവെന്നും വ്യവസായവൽക്കരണവും നഗരവൽക്കരണവും ഗ്രാമജീവിതത്തിന്റെ സ്വാസ്ഥ്യങ്ങളും പ്രകൃതിയുടെ സന്തുലിതാവസ്ഥയും നശിപ്പിച്ചുവെന്നുമുള്ള ആലോചനകളിൽനിന്നും പ്രകൃതി ചൂഷണങ്ങൾക്കുമാത്രം വിധേയമായിക്കൊണ്ടിരിക്കുന്ന ഒന്നാണെന്നുള്ള ചിന്തയിൽനിന്നുമാണ് ഉത്തരാധുനിക കാലഘട്ടം പാരിസ്ഥിതികതയെയൊരു ദാർശനിക സൈദ്ധാന്തിക പദ്ധതിയായും ഭാവുകത്വപദ്ധതിയയും ഉൾക്കൊള്ളുന്നത്.

മനുഷ്യന് ജീവിക്കാനുള്ള 'കാടെവിടെ' എന്ന ചോദ്യത്തിൽനിന്നും 'കാടും ഞാനുമൊന്നാ'ണെന്ന താദാത്മ്യത്തിലേക്ക് ഈ കാലയളവിൽ നമ്മുടെ സാഹിത്യ സൗന്ദര്യശാസ്ത്രഭാവുകത്വങ്ങൾ എത്തിച്ചേർന്നു. പാരിസ്ഥിതിക സംവാദങ്ങളെയൊരു പാഠമെന്ന നിലയിലോ ഭാഷാപ്രയോഗങ്ങളുടെ സംഘാതമെന്നനിലയിലോ അധികാര പ്രത്യയശാസ്ത്രങ്ങളെ ഉൾക്കൊള്ളുന്നുണ്ട്. പ്രയോഗമെന്നനിലയിലും സാമൂഹികസന്ദർഭമെന്നനിലയിലും പാരിസ്ഥിതിക സംവാദങ്ങൾക്ക് വ്യവഹാരപദവിയുണ്ടെന്ന് വ്യക്തമാകുന്നു. പാരിസ്ഥിതികസംവാദങ്ങൾക്ക് സ്ഥാപകസ്വഭാവം ഇല്ലെങ്കിലും ആ ജ്ഞാനമേഖല ഉൾക്കൊള്ളുന്ന തനതായ ഭാഷാപ്രയോഗങ്ങളും ഏകീകൃത സ്വഭാവം ഇല്ലാത്ത നിലയിലുള്ള നിരവധി സംഘടനകളും സംവിധാനങ്ങളും സർക്കാർനയങ്ങളും പാരിസ്ഥിതികമായ ആലോചനകൾക്ക് വ്യവഹാരപദവി നൽകുന്നുണ്ട്. പ്രളയകാലത്തിന് ശേഷമുള്ള പാരിസ്ഥിതിക ചർച്ചകൾക്ക് കേരളീയസമൂഹത്തിൽ ലഭിച്ചിട്ടുള്ള സ്വീകാര്യതയെ മുൻനിർത്തി പാരിസ്ഥിതികസംവാദങ്ങൾക്കകത്ത് ചരിത്രപരമായും സാമൂഹികമായും നിലനിൽക്കുന്ന അധികാര പ്രത്യയശാസ്ത്രങ്ങളെയാണ് ഏതാനും ചില മാതൃകകൾ മുൻനിർത്തി വിശകലനം ചെയ്യുന്നത്.

വിമർശനാത്മക ഭാഷാശാസ്ത്രത്തിന്റെ (Critical Linguistics) ഭാഗമായി ഉയർന്നുവന്ന വിശകലന പദ്ധതിയാണ് വിമർശനാത്മക വ്യവഹാരാപഗ്രഥനം. വ്യവഹാരത്തെ വിശകലനവിധേയമാക്കാൻ സംസ്കാരപഠനംപോലെ വ്യത്യസ്തങ്ങളായ നിരവധി ജ്ഞാനപദ്ധതികളുണ്ടെങ്കിലും വ്യവഹാരത്തെ പാഠമെന്ന നിലയിലും പ്രയോഗമെന്ന നിലയിലും സാമൂഹിക സന്ദർഭമെന്ന നിലയിലും വിശകലനവിധേയമാക്കാനാണ് വിമർശനാത്മക വ്യവഹാരാപഗ്രഥനം ശ്രമിക്കുന്നത്. വ്യവഹാരത്തിൽ ഒളിഞ്ഞിരിക്കുന്ന അധികാരത്തെ വിശേഷിച്ചും സ്ഥാപനാത്മകമായി പുനരുല്പാദിപ്പിക്കുന്ന അധികാരത്തെയും പ്രത്യയശാസ്ത്രത്തെയും വെളിവാക്കുകയാണ് വിമർശനാത്മക വ്യവഹാരാപഗ്രഥനം പൊതുവായി ചെയ്യുന്നത്. വിമർശനാത്മക വ്യവഹാരാപഗ്രഥനത്തിന്റെ ഉദ്ദേശത്തെ റൂഥ് വൊഡാക് ഇപ്രകാരം നിർവചിക്കുന്നു. "ഭാഷയിൽ പ്രകടമാവുന്ന മേധാവിത്വം, വിവേചനം, അധികാരം, നിയന്ത്രണം എന്നിവയുടെ അതാര്യവും അതുപോലെതന്നെ സുതാര്യവുമായ ഘടനാബന്ധങ്ങളെ പഠിക്കുക എന്നതാണ് വിമർശനാത്മക വ്യവഹാരാപഗ്രഥനം ചെയ്യുന്നത്" (Blommaert: 2005: 24,25). വ്യവഹാരം സാമൂഹികമായി ഘടനാപരവും വ്യവസ്ഥാപിതവുമാണെന്ന ആശയം വിമർശനാത്മക വ്യവഹാരാപഗ്രഥനം മുന്നോട്ടുവയ്ക്കുന്നുണ്ട്. വ്യവഹാരത്തെ സമകാലിക സമൂഹത്തിൽ വർധിച്ചുവരുന്ന അധികാരമെന്ന സങ്കൽപ്പനത്തിന്റെ ഉപകരണമെന്ന നിലയിലും വിമർശനാത്മക വ്യവഹാരാപഗ്രഥനം മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെ ഈ അധികാരപ്രവർത്തനത്തിന്റെ രീതികൾ മനസ്സിലാക്കാൻ പലപ്പോഴും ബുദ്ധിമുട്ടാണ്. ഇത്തരം അധികാരപ്രവർത്തനങ്ങളെ സുതാര്യമാക്കുകയും വെളിച്ചത്ത് കൊണ്ടുവരികയുമാണ് വിമർശനാത്മക വ്യവഹാരാപഗ്രഥനം ലക്ഷ്യമിടുന്നത്.

**പാരിസ്ഥിതിക സംവാദമൊരു പാഠമെന്നനിലയിൽ**

പാരിസ്ഥിതിക സംവാദങ്ങളെ വ്യവഹാരമെന്ന നിലയിൽ പരിഗണിക്കുമ്പോൾ അതിന്റെ ചരിത്രപരമായ വിശകലനംകൂടി അനിവാര്യമായി വരുന്നു. ഇന്ത്യൻ സമൂഹം പൊതുവിലും വിശേഷിച്ച് കേരളീയസമൂഹവും പരിസ്ഥിതി സൗഹാർദമായ അന്തരീക്ഷത്തിലാണ് പുലർന്ന് പോന്നതെന്ന് നമ്മുടെ നാട്ടുമൊഴികളിൽനിന്നും പാരമ്പര്യവിശ്വാസത്തിൽനിന്നും വ്യക്തമാകുന്നുണ്ട്. 'ദശപുത്രോ സമോ ദ്രുമ' എന്ന വൃക്ഷായുർവേദത്തിലെ ശ്ലോകംതന്നെ ഉദാഹരണമായിയെടുക്കാം. പത്ത് പുത്രൻമാർക്ക് സമമാണ് ഒരു വൃക്ഷം എന്ന ചിന്ത വിശകലനത്തിന് വിധേയമാക്കാവുന്നതാണ്. ഇവിടെ പ്രകൃതിയുമായുള്ള ബന്ധത്തെ വൈകാരികമായാണ് അവതരിപ്പിക്കുന്നത്. പത്ത് മനുഷ്യർക്ക് പകരമാണ് ഒരു വൃക്ഷം എന്നതിനുപകരം ഒരു ചാർച്ചാ പേരിലൂടെ ഈ ബന്ധം സൂചിപ്പിക്കുമ്പോൾ അതിന് വൈകാരികമായൊരു തലം കൈവരുന്നു" രക്തബന്ധമുള്ളവർ തമ്മിൽ സംബോധനക്കോ ബന്ധപരാമർശത്തിനോ ഉപയോഗിക്കുന്ന പദങ്ങളാണ് ചാർച്ചാപേരുകൾ. "ഒരു ജനസമൂഹത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പല ലക്ഷണങ്ങൾ ചാർച്ചപ്പേരുകൾക്ക് പിന്നിലുണ്ട്" (പി. എം. ഗിരീഷ്: 2005: 89). ചാർച്ചാപേരുകൾ സാംസ്കാരിക സൂചകങ്ങളാണ് എന്നിരിക്കെ ഈ ശ്ലോകത്തിന് വൈകാരികതപോലെതന്നെ ഒരു സാമൂഹ്യഘടനയും തെളിഞ്ഞുവരുന്നു.

1) പത്തു പുത്രന്മാർക്കു സമമാണ് ഒരു മരം

2) പത്ത് പുത്രികൾക്ക് സമമാണ് ഒരു മരം

3) പത്ത് മക്കൾക്ക് സമമാണ് ഒരു മരം

4) പത്ത് മനുഷ്യർക്ക് സമമാണ് ഒരു മരം

ഈ നാല് പ്രസ്താവനകളിലും അധികാരത്തെയും വൈകാരികതയെയും സംബന്ധിക്കുന്ന നാല് സാമൂഹ്യഘടന വെളിവായിവരുന്നത് കാണാം. ഈ വൈകാരികമായ സമീപനം പാരിസ്ഥിതികാവബോധത്തിന്റെ കേന്ദ്രമായി തുടർന്നും പ്രവർത്തിക്കുന്നുണ്ട്. "പ്രകൃതിയിലെ ഓരോ ഇനത്തിനും ജീവിതവുമായി നിരന്തരം ബന്ധം സ്ഥാപിക്കുന്ന തരത്തിലുള്ള ധർമ്മങ്ങൾ കൽപ്പിക്കുക നാടോടിജീവിതത്തിന്റെ സവിശേഷതയാണ്" (പ്രസീത: 2009: 81). പഴഞ്ചൊല്ലുകളിലും കടങ്കഥകളിലും ഇത്തരം വൈകാരികതയുടെയോ വിശ്വാസത്തിന്റെയോ സൂചന നമുക്ക് വേർതിരിച്ചെടുക്കാവുന്ന താണ്.

കേരളത്തിലെ പാരിസ്ഥിതിക ചർച്ചകളുടെ വഴിത്തിരിവായി അടയാളപ്പെടുത്തുന്നത് 1979 ലെ സൈലന്റ്വാലി പ്രക്ഷോഭമാണ്. പാരിസ്ഥിതിക സംവാദങ്ങൾക്ക് സാംസ്കാരിക സ്വരൂപം കൈവരുന്നത് ഈ പ്രക്ഷോഭത്തോടെയാണ് . സുഗതകുമാരിയുടെയും

അയ്യപ്പപ്പണിക്കരുടെയും നേതൃത്വത്തിൽ സാഹിത്യ-സാംസ്കാരിക കൂട്ടായ്മയും ഇതിന്റെ ഭാഗമായി ഉണ്ടായിരുന്നു. സാഹിത്യഭാവുകത്വത്തെ പാരിസ്ഥിതികാവബോധവുമായി ചേർത്തുവയ്ക്കുന്ന തരത്തിൽ 'വനപർവ്വം' പോലെയുള്ള കവിതാസമാഹാരങ്ങളും ഈ കൂട്ടായ്മയുടെ ഭാഗമായിയുണ്ടായി. ഈ സമാഹാരത്തിന് നൽകിയ പേരുപോലും മതാത്മക പ്രത്യയശാസ്ത്രത്തിന്റെയുള്ളിൽനിന്നാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളത് എന്ന് ശ്രദ്ധിക്കേണ്ട കാര്യമാണ്. പർവ്വമെന്നത് മഹാഭാരതത്തിലെ അദ്ധ്യായവിഭജനമാണ്. പുതിയൊരു അദ്ധ്യായത്തിന്റെ സൂചനയാണ്. പരിസ്ഥിതിയെ സംബന്ധിക്കുന്ന പുതിയ സംവാദത്തിന്റെ തുടക്കത്തിന് അല്ലെങ്കിൽ പാരിസ്ഥിതികപ്രശ്നങ്ങളോടുള്ള സാഹിത്യ സാംസ്കാരിക നായകരുടെ സംഘടിതമായ പ്രതികരണത്തെ ഇത്തരത്തിൽ 'വനപർവ്വ'മായി അടയാളപ്പെടുത്തുമ്പോൾ സവർണ്ണ ഹൈന്ദവ പശ്ചാത്തലം അബോധത്തിലെങ്കിലും ഇവിടെ കടന്നുവരുന്നു.

1990 ൽ സുഗതകുമാരി എഴുതിയ 'കാവുതീണ്ടല്ലേ കുടിവെള്ളം മുട്ടും' എന്ന പാരിസ്ഥിതിക ലേഖനവും ഇത്തരത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. കാവുകളുടെ അനിവാര്യതയെ പരിസ്ഥിതിയുമായി ചേർത്തുവെയ്ക്കാൻ ശ്രമിക്കുന്ന ലേഖനത്തിലെ ചില പ്രസ്താവനകൾ ഇപ്രകാരമാണ്. "പണ്ട പണ്ടൊരു തറവാടിനെ കിഴക്കേ മൂലയിൽ കാവുണ്ടായിരുന്നു. കുട്ടിക്കാലത്തിന്റെ തിമർപ്പിൽ ഇടയ്ക്കിടെ മുത്തശ്ശിയുടെ ശബ്ദം കടന്നുവരും. കാവുതീണ്ടല്ലേ മക്കളെ. എന്താ തീണ്ടിയാൽ? ഞങ്ങളുടെ അവിശ്വാസം വിളിച്ചു ചോദിക്കും. കാവുമുടിഞ്ഞാലേ കിണറു വറ്റും. മുത്തശ്ശി പേടിപ്പിക്കും"(സുഗതകുമാരി: 2010: 11). ഇവിടെ പരിസ്ഥിതി സംരക്ഷിക്കപ്പെടേണ്ടതാണെന്ന ബോധത്തെ വിശ്വാസമെന്ന നിലയിലാണ് അവതരിപ്പിച്ചിട്ടുള്ളത്. 'മുത്തശ്ശി' എന്ന ചാർച്ചാപദ സംബോധനയോടെ വിശ്വാസത്തിന് പാരമ്പര്യത്തിന്റെ പശ്ചാത്തലവും യുക്തിയെ നിരാകരിച്ചും സ്വീകരിക്കേണ്ട നിർമ്മലതയും കൈവരുന്നു. 'തീണ്ടുക' എന്ന പ്രയോഗത്തിന്റെ പരിസരം ജാതീയമായി നിൽക്കുന്ന മണ്ഡലത്തെ കുറിക്കുന്നതാണ് എന്നതും നിരീക്ഷിച്ചു പോകേണ്ടതാണ്. വിശ്വാസം മനുഷ്യന്റെ വൈകാരികതയുമായി സവിശേഷബന്ധംപുലർത്തിനിൽക്കുന്ന വിധിനിയമങ്ങളാണ്. ശരിയോ തെറ്റോ എന്ന് ചിന്തിക്കാതെ തുടർച്ചയായുള്ള പ്രയോഗത്തിലൂടെ അവയ്ക്ക് സാധൂകരണവും പാരമ്പര്യസ്വഭാവവും കൈവരുന്നുണ്ട്. പരിസ്ഥിതിയെ സംബന്ധിക്കുന്ന ചിന്തകൾക്ക് വിശ്വാസത്തിന്റേതായ ചട്ടക്കൂട് നിർമ്മിക്കപ്പെടുന്നതോടെ യുക്തിബലമില്ലാത്ത പ്രയോഗമോ അവതരണമോ ആണെങ്കിൽത്തന്നെയും സ്വീകരിക്കാൻ മനുഷ്യൻ തയ്യാറാവുന്നു. ഗുരുവായൂരപ്പന് എണ്ണ കൊണ്ടുപോകുന്ന പുഴു, തവളെയെ കൊന്നാൽ ചെവി പുഴക്കും, പാമ്പിനെ കൊന്നാൽ കുലം മുടിയും തുടങ്ങിയ സങ്കല്പങ്ങൾ വിശ്വാസം എന്നതരത്തിൽ അവതരിപ്പിക്കപ്പെട്ടത് ഉദാഹരണമായെടുക്കാം. കേരളത്തിൽ വളർന്നുവന്ന പരിസ്ഥിതിബോധത്തെ നിർണ്ണയിച്ച പ്രധാനഘടകമായി മേൽപ്പറഞ്ഞതിനെ നോക്കിക്കാണാവുന്നതാണ്. പ്രളയാനന്തരം രൂപപ്പെട്ടുവന്ന പാരിസ്ഥിതിക ചർച്ചകളെ പരിശോധിക്കുമ്പോൾ ഉയർന്നുവന്ന വാദങ്ങളിൽ ഏറിയപങ്കും ഈ വൈകാരിക തലത്തിൽ നിന്നുകൊണ്ടുള്ള വ്യാഖ്യാനങ്ങളായിരുന്നുവെന്ന് കാണാനാവും.

**പാരിസ്ഥിതിക സംവാദത്തിലെ സാമൂഹിക സന്ദർഭങ്ങൾ**

2011-2013 കാലയളവിലാണ് പശ്ചിമഘട്ടത്തെയും പ്രകൃതിസംരക്ഷണത്തെയും സംബന്ധിക്കുന്ന മറ്റൊരു ചർച്ച കേരളത്തിൽ ഉയർന്നു വരുന്നത്. അത് ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽവന്ന തർക്കങ്ങളുടെ ഭാഗമായാണ്. അതുവരെകണ്ട പാരിസ്ഥിതിക സംവാദങ്ങളിൽനിന്ന് വ്യത്യസ്തമായി പരിസ്ഥിതിയെ ചൊല്ലി ജനങ്ങൾ തെരുവിലിറങ്ങുകയും ഹർത്താൽ, ബന്ദ്, ഉപരോധം മുതലായ രാഷ്ട്രീയ സമരമാർഗങ്ങൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്തു എന്നതാണ് ഈ കാലയളവിന്റെ സവിശേഷത. പാരിസ്ഥിതിക സംവാദങ്ങൾക്ക് പ്രത്യക്ഷമായ രാഷ്ട്രീയമുഖം കൈവരുന്നതിന് ഈ കാലയളവ് സാക്ഷ്യംവഹിച്ചു. ഈ സംവാദത്തിന്റെ കേന്ദ്രമെന്ന നിലയിൽനിന്നത് മാധവ് ഗാഡ്ഗിൽ ചെയർമാനായി നിലകൊണ്ട ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടാണ്. പശ്ചിമഘട്ടത്തെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ മൂന്നു സോണുകളായിതിരിച്ച് പഠിക്കുകയും നിലവിലെ സ്ഥിതി വിലയിരുത്തുകയും ഭാവിപ്രവർത്തനപദ്ധതികൾ വിശദീകരിക്കുകയും ചെയ്യുകയാണ് ഈ റിപ്പോർട്ട്. ഇതിന്റെ ആമുഖത്തിൽ മാധവ് ഗാഡ്ഗിൽ ഇപ്രകാരം കുറിക്കുന്നുണ്ട്

> "ദീർഘകാലവികസനം സാർത്ഥകമാക്കാനുള്ള ഏതൊരു നീക്കത്തിനുപിന്നിലും പശ്ചിമഘട്ടംപോലുള്ള ഒരു ഭൂപ്രദേശത്തിന് കേന്ദ്രസ്ഥാനമുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. ഗോദാവരി, കൃഷ്ണ, നേത്രാവതി, കാവേരി, കുന്തി, വൈഗൈ എന്നീ മഹാനദികൾക്കു പുറമേ ഒട്ടനേകം ചെറുനദികൾക്കും പുഴകൾക്കും ജീവജലംനൽകി സംരക്ഷിക്കുന്ന പ്രകൃതിമാതാവിന്റെ സ്ഥാനമാണ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ പൈതൃകമായ പശ്ചിമഘട്ടത്തിന് കൽപ്പിച്ചിട്ടുള്ളത്. കാളിദാസൻ ഇതിനെ ഒരു കന്യകയോടാണ് ഉപമിച്ചിട്ടുള്ളത്. അഗസ്ത്യമല ശിരസ്സായും അതിനുതാഴെ അണ്ണാമലയും നീലഗിരിയും ഉയർന്ന മാറിടങ്ങളായും പരന്നുരുണ്ട കാനറ, ഗോവ മലകൾ മനോഹരമായ നിതംബങ്ങളായും ഉത്തര സഹ്യാദ്രി മലകളെ നീട്ടി പിളർത്തിവെച്ച കാലുകളായും കാളിദാസൻ വർണ്ണിച്ചിട്ടുണ്ട് നിർഭാഗ്യവശാൽ ഹരിത മേലാപ്പിന്റെ കട്ടിയായ പച്ചപ്പട്ടു പുതച്ച് പ്രൗഢയായി വിരാജിച്ചിരുന്ന അവളിന്ന് അതിന്റെ കീറിപ്പറിഞ്ഞ അവശിഷ്ടങ്ങൾ ചുറ്റി നാണം മറക്കാനാവാതെ കേഴുന്ന സ്ഥിതിയിലാണ്. അതിനെ ഇങ്ങനെ പിച്ചിചീന്തിയതിനുപിന്നിൽ ദരിദ്രരുടെ പശിയടക്കാനുള്ള പരാക്രമത്തേക്കാളുപരി അതിസമ്പന്നരുടെ അടക്കിനിർത്താനാവാത്ത ആർത്തിയുടെ കൂർത്ത നഖങ്ങളാണ് എന്നത് ചരിത്രസത്യം മാത്രമാണ്." (2013: 07)

ഇവിടെ ഉപയോഗിച്ചിട്ടുള്ള ഭാഷയെ വിശകലനം ചെയ്താൽ തെളിഞ്ഞുവരുന്ന പ്രത്യയശാസ്ത്രവും വൈകാരികതയും പാരിസ്ഥിതിക സംവാദങ്ങളോടുള്ള മനോഭാവത്തെയാണ് വെളിവാക്കുന്നത്.

1) ജീവജലം നൽകുന്ന മാതാവ് എന്ന പ്രയോഗം

2) പശ്ചിമഘട്ടത്തെ കന്യകയുടെ ശരീരത്തോട് ഉപയോഗിക്കുന്ന കാളിദാസ പരാമർശത്തിന്റെ ഉപയോഗം

3) പച്ചപ്പട്ടുവിരിച്ച് വിരാജിക്കുന്നതിലൂടെ ലഭ്യമാകുന്ന പ്രൗഢി

4) ദരിദ്രരുടെ അതിജീവനശ്രമത്തെ പരാക്രമത്തോട് സാദൃശ്യപ്പെടുത്തുന്നത്

ഇതിനെ താഴെ പറയും പ്രകാരം വിശകലനം ചെയ്യാം

1) മാതൃത്വത്തിന്റെ ധാർമികതയെ ഉറപ്പിക്കുകയും മാതാവ് എന്ന പദത്തിന്റെ പ്രയോഗത്തോടെ അതിനൊരു കുടുംബ പ്രത്യയശാസ്ത്രത്തിന്റെ അധികാരം കൈവരികയും ചെയ്യുന്നു.

2) കന്യകയോട് ഉപമിക്കുന്നതോടെ.പശ്ചിമഘട്ടത്തിന് എതിരെയുള്ള കടന്നുകയറ്റത്തെ ലൈംഗികതയുമായി ബന്ധിപ്പിക്കുകയും കന്യകാത്വം-രതിശുദ്ധി തുടങ്ങിയ സങ്കല്പങ്ങളെ പ്രകൃതിയുമായി ചേർത്തു നിർത്തുകയും ചെയ്യുന്നു

3) പച്ചപ്പട്ടു വിരിച്ച് വിരാജിക്കുക എന്ന ലക്ഷക പ്രയോഗത്തിലൂടെ പശ്ചിമഘട്ടത്തിന് ദൈവിക ഭാവം നൽകുന്നു

4) ദരിദ്രരുടെ അതിജീവനം പരാക്രമമാണ് എന്ന പ്രയോഗം ദാരിദ്ര്യം അക്രമത്തിനുള്ള ഉപാധിയാണ് എന്നുള്ള സമ്പന്ന കാഴ്ചയേയും വ്യക്തമാക്കുന്നു.

ഇത്തരത്തിൽ ശാസ്ത്രീയമായി സർക്കാർ സംവിധാനത്തിൽ തയ്യാറാക്കപ്പെടുന്ന റിപ്പോർട്ടിന് ആമുഖം തയ്യാറാക്കുമ്പോൾ വെളിപ്പെടുന്ന സവർണ്ണപുരുഷ-സമ്പന്ന മനോഭാവങ്ങൾ സൂക്ഷ്മമായി പരിശോധിക്കപ്പെടേണ്ടതാണ്. വൈകാരികവും അധികാരപ്രത്യയശാസ്ത്രബോധത്തെ വെളിച്ചത്തു-കൊണ്ടുവരുന്നതുമായ ഈ പ്രയോഗങ്ങളിലൂടെ കൈവരുന്ന പിൻബലം പാരിസ്ഥിതിക പ്രശ്നങ്ങളെ ശാസ്ത്രീയമായി സമീപിക്കേണ്ടുന്ന പദ്ധതിക്ക് ചേർന്നതാണോ എന്നത് പരിശോധിക്കപ്പെടണം. വിശേഷിച്ചും ഈ റിപ്പോർട്ട് കേരളമടക്കം ഇന്ത്യയിൽ പലയിടങ്ങളിലും രാഷ്ട്രീയ-സാമൂഹിക ചർച്ചകൾക്കും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതിദുരന്തങ്ങളുടെയും പശ്ചാത്തലത്തിലുള്ള ചർച്ചകൾക്കും ആധാരമായി മാറുകയും ചെയ്യുന്നു എന്ന നിലയിൽ.

2018 ലെ പ്രളയത്തിനുശേഷം പാരിസ്ഥിതിക സംവാദങ്ങളുടെ കേന്ദ്രമായി ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് മാറുന്നുണ്ട്. പ്രളയാനന്തരം 2019 ഒക്ടോബർ 21 ന് മലയാളത്തിൽ പ്രസിദ്ധീകരിച്ച മാതൃഭൂമി ആഴ്ചപ്പതിപ്പിൽ (23 ലക്കം 32 ) 'കുത്തിയൊലിച്ചു പോകുന്ന കേരളം' എന്ന കെ. സഹദേവന്റെ ലേഖനത്തിൽ പാരിസ്ഥിതിക വിഷയങ്ങളെ വിലയിരുത്തുന്നത് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കൂടി അടിസ്ഥാനപ്പെടുത്തിയാണ്. ഈ ലേഖനം അവസാനിക്കുന്നത് ഇപ്രകാരമാണ് "വ്യാവസായികയുഗം സൃഷ്ടിച്ച പാരിസ്ഥിതിക പ്രതിസന്ധികളുടെ യഥാർത്ഥ കാരണം കണ്ടെത്തികൊണ്ടുള്ള ഇടപെടൽ വിവേകത്തിന്റേതായിരിക്കണം. റെസിലിയൻ(പിൻവലിയൽ) എന്നത് തിരിച്ചുപോക്കല്ല. നമ്മുടെ കുഞ്ഞുങ്ങളോട്, അവരുടെ കുഞ്ഞുങ്ങളോട്, വരാനിരിക്കുന്ന എത്രയോ തലമുറകളോട് കാണിക്കേണ്ട കരുതലും കരുണയുമാണ്" (സഹദേവൻ:2019) വൈകാരികതയോടെ കൂടി സമീപിക്കപ്പെട്ട പാരിസ്ഥിതിക അവബോധത്തെ, ഒരുഘട്ടത്തിൽ വിവേകത്തോടെ സമീപിക്കണമെന്ന നിലപാട് ജനതയെ സംബന്ധിച്ച് അത്ര എളുപ്പമുള്ള കാര്യമല്ലെന്ന് ഭക്തി, വിശ്വാസം മുതലായവ മുൻനിർത്തിനടന്ന സാമൂഹിക സംവാദങ്ങളിൽ നിന്ന് കേരളസമൂഹത്തിന് വ്യക്തമായിട്ടുള്ളതാണ്. ഇവിടെ ലേഖകൻ പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരമായി പറഞ്ഞുവെക്കുന്നത് പിൻവലിയലെന്ന ആശയത്തെയാണ്. തലമുറകളോട് കാണിക്കേണ്ട കരുണയും കരുതലുമാണതെന്നും പറയുന്നു. പിൻവലിയുക എന്ന വാക്ക് ഇവിടെ 'Resilience' എന്ന വാക്കിന് പകരമായാണ് ഉപയോഗിച്ചിരിക്കുന്നത്. സ്വാഭാവികമായി മാറാനുള്ള കഴിവിനനുസരിച്ച് പ്രകൃതിയെ വിട്ടുകൊടുക്കുകയാണെങ്കിൽ അത് ജീവിതയോഗ്യമായ അവസ്ഥയിലേക്കാകുമെന്നതിന് സാധ്യതയുമില്ല. വരും തലമുറയോടുള്ള 'കരുതൽ' 'കരുണ' തുടങ്ങിയ പദങ്ങളും ഇവിടെ വൈകാരികതയെയാണ് നിർമ്മിക്കുന്നത്. പാരിസ്ഥിതിക ചർച്ചകളുടെ കേന്ദ്രത്തിലേക്ക് മാധവ് ഗാഡ്ഗിൽ ചെയർമാനായ കമ്മിറ്റി റിപ്പോർട്ടും മാധവ് ഗാഡ്ഗിൽ തന്നെയും ഒരു ഐക്കണായി മാറുന്നതിന്റെ സൂചനകൾ 2018 ന് ശേഷമുള്ള മുഖ്യധാര മാധ്യമങ്ങളിലെ അഭിമുഖങ്ങൾ ശ്രദ്ധിച്ചാൽ വ്യക്തമാകും. മാതൃഭൂമി ആഴ്ചപ്പതിപ്പിനു (2020)നൽകിയ അഭിമുഖത്തിൽ അദ്ദേഹം ഇങ്ങനെ സൂചിപ്പിക്കുന്നു "ഏത് സർക്കാറാണ് യഥാർത്ഥമായ ശാസ്ത്രീയ അവലോകനം നടത്തുന്നത്. ശാശ്വതമായ പരിഹാരം നടപടികൾ എന്തെങ്കിലും ഇതുവരെ കൈകൊണ്ടിട്ടുണ്ടോ? പശ്ചിമഘട്ടം കൂടുതൽ ശാസ്ത്രീയമായി സംരക്ഷിക്കപ്പെടുമെന്ന ഒരുറപ്പുമില്ല. ശാസ്ത്രീയസമീപനം നമ്മുടെ നാട്ടിൽ ഏത് കാര്യത്തിലാണ് ഉണ്ടായിട്ടുള്ളത്?" എന്നിങ്ങനെ അദ്ദേഹം പാരിസ്ഥിതിക സംവാദങ്ങളിൽ ഉണ്ടായിരിക്കേണ്ട ശാസ്ത്രീയ സമീപനത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ബോധനശാസ്ത്രപരമായും സൗന്ദര്യശാസ്ത്രപരമായും വൈകാരികതയോടെ സമീപിക്കപ്പെട്ട പാരിസ്ഥിതികാവബോധം, ഒരു ദുരന്തമുഖത്തുനിന്ന് ശാസ്ത്രീയമായി മാറണമെന്ന് ചിന്തിക്കുന്നതിൽ ചിലപ്രശ്നങ്ങളുണ്ട്. വിശ്വാസത്തെ യുക്തികൊണ്ട് അത്രയെളുപ്പത്തിൽ മാറ്റി സ്ഥാപിക്കാൻ കഴിയില്ലയെന്നതിന്റെ നല്ലമാതൃകയാണ് 2018 ലെ പ്രളയാനന്തരം നടന്ന ശബരിമല സംഭവം വ്യക്തമാക്കുന്നത്.

**ഉപസംഹാരം**

കേരളത്തിലെ പരിസ്ഥിതി ചർച്ചകളിലെ സവിശേഷഘടകം, അത്തരം സംവാദങ്ങൾക്കകത്തെ വൈകാരികതകളാണെന്ന് പരിസ്ഥിതി സംവാദങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ തെളിയുന്നുണ്ട്. കാല്പനികവും വൈകാരികവുമായ അനുഭവമായും അനുഭൂതിയായും പരിസ്ഥിതിയെ മാറ്റിയെടുക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നതിലെ പിൻബലം ഈയൊരു വിശ്വാസധാരയാണ്. സൈലന്റ് വാലി തൊട്ട് കേരള റെയിൽ വരെയുള്ള പരിസ്ഥിതിചർച്ചകളുടെ പശ്ചാത്തലം ഇക്കാര്യം കൂടുതൽ വ്യക്തമാക്കിത്തരുന്നു. ഈ സമരങ്ങളെല്ലാം അർത്ഥരഹിതവും യുക്തിരഹിതവും ആണെന്നല്ല പറയുന്നത്. മറിച്ച് ഇത്തരം സംഭവങ്ങളിലൂടെ രൂപപ്പെട്ടുവന്ന പരിസ്ഥിതി സംബന്ധിയായ ജനകീയബോധ്യങ്ങളെ നിർണ്ണയിച്ചത് വൈകാരികവും കാൽപനികവുമായ വാദങ്ങൾകൂടിയാണ് എന്നതാണ്. എന്തുവിലകൊടുത്തും സംരക്ഷിക്കപ്പെടണമെന്ന യുക്തിയിലേക്ക് ജനകീയബോധ്യത്തെ മാറ്റിയെടുക്കുവാൻ കാല്പനികവാദങ്ങളും സാഹിത്യപാഠങ്ങളും കാരണമായിട്ടുണ്ട്. എന്തിനും തയ്യാറായിനിൽക്കുന്ന ഈ ബോധം മൗലികവാദംപോലെ അപകടമാണ്. അപരവല്ക്കരിക്കപ്പെട്ട മലയോരവാസികളുടെയും തീരദേശവാസികളുടെയും കാലങ്ങളായുള്ള അധ്വാനത്തെയും അധ്വാനത്തിലൂടെ രൂപപ്പെടുത്തിയ സാമൂഹിക ജീവിതത്തെയും ഒറ്റയടിക്ക് റദ്ദ് ചെയ്ത് പ്രതികളാക്കി മാറ്റുന്ന രാഷ്ട്രീയബോധങ്ങൾ ഇതിന്റെ ഭാഗമായി രൂപപ്പെട്ടു വരുന്നുണ്ട് എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്

**ഗ്രന്ഥസൂചി**

1) ഗിരീഷ്, പി. എം., 2015, *അധികാരവും ഭാഷയും*, കോഴിക്കോട്: ഐ ബുക്സ്.
2) --------, 2018, *മലയാളം ദിക്കും ദിശയും*, കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്ക.
3) പ്രസീത,പി., 2009, 'വൃക്ഷവിജ്ഞാനീയത്തിന്റെ നാടോടി വഴക്കങ്ങൾ', കെ. എം. അനിൽ (എഡി.), *നാട്ടറിവ്*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.
4) മാധവ് ഗാഡ്ഗിൽ, 2013, *പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി റിപ്പോർട്ട്*, തൃശ്ശൂർ: കേരള ശാസ്ത്രസാഹിത്യ പരിഷത്ത്.
5) മാധവ് ഗാഡ്ഗിൽ, 2020, 'ഇനി വേണ്ടത്, ഒരു സമഗ്ര പാരിസ്ഥിതിക ദർശനം', കെ. ഹരിനാരായണനും പി. കെ. ശ്രീകുമാറുമായി നടത്തിയ അഭിമുഖം, *മാതൃഭൂമി*, ലക്കം 27, പുസ്തകം 98.
6) രാജീവൻ, ബി., 2018, *പ്രളയാനന്തര മാനവികത*, കോട്ടയം: ഡി സി ബുക്സ്.
7) ശ്രീവത്സൻ, ടി., 2021, 'പുതുകവിതയിലെ മറുമൊഴികൾ', *സാഹിത്യലോകം*, ലക്കം 2, വാല്യം 50.
8) സുഗതകുമാരി, 2010, *കാവുതീണ്ടല്ലേ*, കോട്ടയം: ഡി. സി. ബുക്സ്.

9) സഹദേവൻ, കെ., 2018, 'കുത്തിയൊലിച്ചുപോകുന്ന കേരളം', *മാതൃഭൂമി*, ലക്കം 32, പുസ്തകം96.
10) Blommaert, Jan., 2005, *Discourse A Critical Introduction*, Cambridge: University Press.